# Malayala Manorama

## 13 August 2018

## Kochi: Heavy rain



# മഴ: ജലനിരപ്പ് താഴ്ന്നു

■ ക്യാംപുകളിൽ 6839 പേർ

കൊച്ചി ● പെരിയാറിലും കൈവഴികളിലും ജലനിരപ്പ് താഴ്ന്നതിനാൽ ദുരിതാശ്വാസ ക്യാംപുകളിൽ നിന്നു ജനങ്ങൾ മടങ്ങിത്തുടങ്ങി. ഇന്നലെ രാത്രിയോടെ ദുരിതാശ്വാസ ക്യാംപുകളുടെ എണ്ണം 38 ആയി കുറഞ്ഞു. 75 ക്യാംപുകളാണ് ജില്ലയിൽ ഉണ്ടായിരുന്നത്. 2,209 കുടുംബങ്ങളിലെ 6,839 പേരാണു ക്യാംപുകളിൽ ഇനി അവശേഷിക്കുന്നത്. പറവൂർ, ആലുവ, കുന്നത്തുനാട്, കണയന്നൂർ താലൂക്ക് പരിധിയിലാണ് ദുരിതാശ്വാസ ക്യാംപുകൾ പ്രവർത്തിക്കുന്നത്. ഇന്നു കൂടുതൽ പേർ വീടുകളിലേക്കു മടങ്ങും.

വെള്ളം ഇറങ്ങി തുടങ്ങിയതോടെ ദുരിതാശ്വാസ ക്യാംപുകളിൽ നിന്നു വീടുകളിലേക്ക് മടങ്ങുന്നവരുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കാൻ ജാഗ്രത പുലർത്തുന്നുണ്ട്. ശുചിമുറികൾ, കാനകൾ, തോടുകൾ തുടങ്ങിയ ഇടങ്ങളിൽ നിന്നുള്ള മലിന ജലം വീടുകൾക്കകത്തേക്ക് കയറിയിട്ടുള്ളതിനാൽ കുടുംബാംഗങ്ങൾക്കു പുറമെ ആരോഗ്യ, സന്നദ്ധ പ്രവർത്തകരും ശുചീകരണത്തിനായി രംഗത്തുണ്ട്.

വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളിൽ വീടുകളും സ്ഥാപനങ്ങളും അണുനശീകരണം നടത്തി വൃത്തിയാക്കാൻ തദ്ദേശസ്ഥാപനങ്ങളും നടപടിയെടുത്തിട്ടുണ്ട്.